Draft #1 of File 144498/AD B8-2/2022/AD B 8 Approved by ASSISTANT REGISTRAR VII (ADMIN) on 27-Sep-2022 01:16 PM - Page 1

144498/AD B8-2/2022/AD B 8 27.09.2022

**ക്വട്ടേഷൻ നോട്ടീസ്**

സർവകലാശാല ലൈബ്രറിയിലെയും കോട്ടയം, ചങ്ങനാശേരി, പാല, തൊടുപുഴ സ്റ്റഡി സെന്ററുകളിലെയും പുസ്തകങ്ങളും സർവകലാശാല ലൈബ്രറിയിലെ ജേർണലുകളും ബൈൻഡ് ചെയ്യുന്നതിലേക്കായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ കാലാവധി 3 വർഷമാണ്.

| ഇനം | വിശിഷ്ടീകരണം | എണ്ണം |
|---|---|---|
| ജേർണൽ ബൈൻഡിങ് | • ഓരോ വാല്യവും ഓപ്പൺ ബൈൻഡിങ് ശൈലിയിൽ ബൈൻഡ് ചെയ്യണം<br>• ഗുണനിലവാരമുള്ള നൂലും പശയും ഉപയോഗിച്ച് ഓരോ വാല്യവും തുന്നി ചേർക്കണം .<br>• ഓരോ വാല്യത്തിന്റെയും 3 അരികുകൾ കൃത്യമായും ഭംഗിയായും വെട്ടി ഒരുക്കണം .<br>• 3 mm ഘനമുള്ള ഹാർഡ് ബോർഡ് ഉപയോഗിക്കണം .<br>• വാല്യത്തിന്റെ സ്പെയിനിൽ സ്ക്രീൻ പ്രിന്റ് കൊടുക്കണം. പ്രിന്റ് ചെയ്യേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു<br>1. MGUL എന്ന അക്ഷരങ്ങൾ ( ഈ വാല്യം മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടേത് എന്ന് കാണിക്കാൻ )<br>2. ജേർണലിന്റെ പേര്<br>3. വാല്യം നമ്പറും ലക്കം നമ്പറും/ മാസം<br>4. പ്രസിദ്ധീകരണ വർഷം<br>• ജേർണലുകളുടെ നീളം (സൈസ് 21 cm മുതൽ 29 cm വരെ ) വീതി ( 13 cm മുതൽ 21 cm വരെ ) ഘനം ( 4 cm മുതൽ 8 cm വരെ ) | ഏകദേശം 400 ജേർണൽ ബണ്ടിലുകൾ |
| പുസ്തകങ്ങളുടെ ബൈൻഡിങ് | 1. താഴെപ്പറയുന്ന വലിപ്പത്തിലുള്ള പുസ്തകങ്ങളുടെ ബൈൻഡിങ് നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ് .<br>a) 5 x 8” (13 x 20 cm) വരെ വലിപ്പമുള്ള പുസ്തകങ്ങൾ<br>b) 5 x 8” (13 x 20 cm) നു മുകളിൽ വലിപ്പമുള്ള പുസ്തകങ്ങൾ<br><br>2. മഹത്മാഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറിയിലെയും, കോട്ടയം, ചങ്ങനാശ്ശേരി, പാലാ, തൊടുപുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റഡി സെന്റർ ലൈബ്രറികളിലെയും പുസ്തകങ്ങളാണ് ബൈൻഡ് ചെയ്യേണ്ടത്. അതാത് ലൈബ്രറികളിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച ശേഷം 30 ദിവസത്തിനുള്ളിൽ ബൈൻഡിങ് പൂർത്തിയാക്കി അതാതു ലൈബ്രറികളിൽ തന്നെ തിരികെ ഏൽപ്പിക്കേണ്ടതാണ് . ഏതെങ്കിലും തരത്തിൽ പുസ്തകങ്ങൾ നഷ്ടപ്പെടുത്തിയാൽ നഷ്ടപരിഹാരം നൽകുവാൻ ബൈൻഡർ ബാധ്യസ്ഥനാണ്.<br><br>3. ബൈൻഡിങ് രീതി : ഹാർഡ് കവർ (hard cover)- ഫുൾ ലെതർ (Full leather) | ഏകദേശം 600 പുസ്തകങ്ങൾ |

| | | |
|---|---|---|
| | 4. ബൈൻഡിങ് മെറ്റീരിയൽസ്<br>*അനുയോജ്യമായ കട്ടിയുള്ള നല്ല ഗുണമേന്മയുള്ള ബോർഡ് (straw board)<br>*ബൈൻഡിങ്ങിനായി ഉപയോഗിക്കുന്ന നൂല്(thread), പശ(glue) എന്നിവ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതായിരിക്കണം<br>*ഗുണമേന്മയുള്ള റെക്സിൻ (rexin) തുണി ആയിരിക്കണം ഉപയോഗിക്കേണ്ടത്.<br>*അവസാന പേജായി (end paper) ചേർക്കുന്ന പേപ്പർ കട്ടിയുള്ളതും ഗുണമേന്മയുള്ളതുമായിരിക്കണം.<br>5. അച്ചടിച്ച കാര്യങ്ങൾക്ക് ശേഷമുള്ള മാർജിനുകൾ കഴിയുന്നത്ര വിസ്തൃതമായി അവശേഷിക്കുന്നത് മതിയായ ശ്രദ്ധയോടെ ചെയ്യേണ്ടതാണ്. പേജുകളുടെ അരികുകൾ അശ്രദ്ധമായി മുറിച്ചതുകൊണ്ട് അച്ചടിച്ച വസ്തുക്കളിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ, നഷ്ടപരിഹാരം നൽകുന്നതിന് ബൈൻഡർ ബാധ്യസ്ഥനാണ്. | |

എല്ലാ തരത്തിലുമുള്ള നികുതികൾ ഉൾപ്പടെയുള്ള നിരക്ക് ഉദ്ധരിച്ച ക്വട്ടേഷനുകൾ 2022 ഒക്ടോബർ മാസം 20 ന 2 മണിക്ക് മുൻപായി പ്രിൻറിംഗ് സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 2.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. പ്രസ്തുത ജോലി കൃത്യതയോടും ഉത്തരവാദിത്തത്തോടും കൂടി ചെയ്യാനാവുന്ന സ്ഥാപനങ്ങൾ മാത്രമേ ക്വട്ടേഷൻ സമർപ്പിക്കേണ്ടതുള്ളൂ. സർവ്വകലാശാല അധികാരികൾക്ക് ക്വട്ടേഷനുകൾ കാരണം കൂടാതെ നിരസിക്കാനുള്ള എല്ലാ അവകാശവും ഉണ്ടായിരിക്കുന്നതാണ്. തപാൽ മാർഗ്ഗം അയക്കുമ്പോൾ വരുന്ന കാലതാമസത്തിനോ നഷ്ടപ്പെടലിനോ സർവ്വകലാശാല ഉത്തരവാദിയായിരിക്കുന്നതല്ല. ക്വട്ടേഷൻ നമ്പർ, തീയതി, അവസാന തീയതി എന്നിവയും **"ജേർണലും പുസ്തകങ്ങളും ബൈൻഡിങ് (സർവകലാശാല ലൈബ്രറി) ചെയ്തു നൽകുന്നതിനുള്ള ക്വട്ടേഷൻ"** എന്നും സീൽ ചെയ്ത കവറിനു മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ ലഭിക്കേണ്ട വിലാസം :ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണം ), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി ഓ, കോട്ടയം -686560.

മജീദ് വി പി

അസ്സി. റജിസ്ട്രാർ 7 (ഭരണ വിഭാഗം)

റെജിസ്ട്രാർക്കു വേണ്ടി

Draft #1 of File 144498/AD B8-2/2022/AD B 8 Approved by ASSISTANT REGISTRAR VII (ADMIN) on 27-Sep-2022 01:16 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം